## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4380 26.06.2014 -ലെ മറുപടിയ്ക്ക്

## പുതിയ ആർട്സ് & സയൻസ് കോളേജുകളിലെ തസ്തിക സൃഷ്ടിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ പുതുതായി പ്രഖ്യാപിച്ച ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകൾ ഏതെല്ലാം മണ്ഡലങ്ങളിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 1. താനൂർ<br>2. കൊടുവള്ളി<br>3. കൊണ്ടോട്ടി<br>4. മങ്കട<br>5. ബാലുശ്ശേരി<br>6. തൃത്താല<br>7. ചേലക്കര<br>8. കാട്ടാക്കട<br>9. തലശ്ശേരി<br>10. പയ്യന്നൂർ<br>11. നെയ്യാറ്റിൻകര<br>12. നാദാപുരം<br>13. കോങ്ങാട്<br>എന്നീ മണ്ഡലങ്ങളിൽ സർക്കാർ കോളേജും വേങ്ങര മണ്ഡലത്തിൽ എയ്ഡഡ് കോളേജുമാണ് ആരംഭിച്ചത് |
| (ബി) | ഏതെല്ലാം മണ്ഡലങ്ങളിലെ കോളേജുകളാണ് ഇതുവരെയായും അനുവദിക്കാത്തതെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ; | (ബി) | ഉദുമ, തവനൂർ, മലമ്പുഴ, ആലത്തൂർ, ഒല്ലൂർ, വൈപ്പിൻ, കരുനാഗപ്പള്ളി, കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലാണ് കോളേജുകൾ അനുവദിക്കാനുള്ളത്.<br>കോളേജ് അനുവദിക്കേണ്ട സ്ഥലം സംബന്ധിച്ച തർക്കം മൂലമാണ് ഉദുമ മണ്ഡലത്തിൽ അനുവദിക്കാത്തത്. തവനൂർ മണ്ഡലത്തിൽ കോളേജ് അനുവദിക്കുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്. കുന്ദമംഗലത്ത് കോളേജ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മറ്റ് മണ്ഡലങ്ങളിൽ കോളേജിനാവശ്യമായ സ്ഥലം തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ പ്രൊപ്പോസൻ ലഭിക്കാത്തതുകാരണമാണ് അനുവദിക്കാത്തത്. |
| (സി) | അനുവദിച്ച കോളേജുകളിൽ അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (സി) | അദ്ധ്യാപക അനദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | തസ്തികകൾ പൂർണ്ണമായും അനുവദിക്കാത്ത കോളേജുകൾ ഏതെല്ലാമാണെന്നും ഏതെല്ലാം തസ്തികകളാണ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും അറിയിക്കാമോ; | (ഡി) | അനുവദിച്ച 13 കോളേജുകളിൽ കോങ്ങാട് ഒഴികെയുള്ള കോളേജുകളിൽ മുഴുവൻ അദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട് . കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച കോളേജിന് മലയാള വിഭാഗത്തിൽ ഒരു അദ്ധ്യാപകനെ മാത്രമേ നിയമിച്ചിട്ടുള്ളു. കൂടാതെ ആറ് ആർട്സ് & സയൻസ് കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.<br><br>താനൂർ, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ , നെയ്യാറ്റിൻകര, കോങ്ങാട് , നാദാപുരം എന്നീ മണ്ഡലങ്ങളിൽ അനുവദിച്ച കോളേജുകൾക്ക് അനദ്ധ്യാപക തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. |
| (ഇ) | പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ